**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3235** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി തൊഴിൽ ചെയ്യാൻ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിലേക്ക് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരെ കൂടുതലായി ആകർഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഐ.ടി.മേഖലയിലെ ജീവനക്കാരെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കെ.ടി.ഡി.സി-യുടെ "വർക്കേഷൻ" പദ്ധതി. കെ.ടി.ഡി.സി ടി പദ്ധതിയ്ക്കായി 10 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി അവരുടെ തൊഴിൽ ചെയ്യുന്നതിനും സൗകര്യപ്പെടുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഒരു ഓഫിസ് പരിതസ്ഥിതിയിൽ സൃഷ്ടിക്കുന്ന ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനായി ജോലിയും വിനോദവും ഒരുമിച്ച് കൊണ്ടുപോകുന്ന ഒരു പുതിയ ആശയമാണ് "വർക്കേഷൻ" . വിനോദത്തിനുള്ള ഘടകങ്ങളോടൊപ്പം ജോലി ചെയ്യാനുള്ള സൗകര്യങ്ങളും ഒരുക്കിയാണ് "വർക്കേഷൻ" വിഭാവനം ചെയ്തിരിക്കുന്നത്. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരെയാണ് പ്രധാനമായും ലക്ഷ്യമിടുന്നതെങ്കിലും, മറ്റ് സൃഷ്ടിപരമായ തൊഴിൽ ചെയ്യുന്നവർക്കും ഇത്തരം പദ്ധതികൾ ഉപകാരപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ